LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ദശലക്ഷം സി.എഫ്.എൽ. വിതരണ പദ്ധതിപ്രകാരം വള്ളിക്കുന്നം പഞ്ചായത്തിൽ 518 കുടുംബങ്ങൾക്കും ഭരണിക്കാവ് പഞ്ചായത്തിൽ 2349 കുടുംബങ്ങൾക്കും സി.എഫ്.എൽ. നൽകി.

(ബി) ഈ പദ്ധതിക്കായി വള്ളിക്കുന്നം പഞ്ചായത്തിൽ 590-ഉം ഭരണിക്കാവ് പഞ്ചായത്തിൽ 2349-ഉം സി.എഫ്.എൽ. വിതരണത്തിനായി നൽകിയിരുന്നു.

(സി) അതാതു പഞ്ചായത്തുകളെത്തന്നെയാണ് വിതരണത്തിന്റെ ചുമതല ഏൽപ്പിച്ചിരുന്നത്.

(ഡി) ഈ പഞ്ചായത്തുകളിലെ ഗുണഭോക്താക്കളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.†

എൽ.ഇ.ഡി. ബൾബുകൾ

163 (5568) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക വിഭാഗ സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) എൽ.ഇ.ഡി. ബൾബുകൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഗാർഹിക ഉപഭോക്താക്കൾക്ക് സാധാരണ 60 വാട്ടിന്റെ ബൾബുകൾക്ക് പകരമായി ഊർജ്ജം കുറച്ചുമാത്രം ആവശ്യമായ സി.എഫ്. എൽ. 15 രൂപ നിരക്കിൽ വിതരണം ചെയ്യുന്ന ഒന്നരക്കോടി സി.എഫ്.എൽ. വിതരണ പദ്ധതി ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. സംസ്ഥാനത്തെ മുഴുവൻ എസ്.സി./എസ്.റ്റി. വിഭാഗം ഉപഭോക്താക്കൾക്കും കൂടാതെ സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷൻ പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ള മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന ബി.പി.എൽ. കുടുംബങ്ങൾക്കും ഒരു സി.എഫ്.എൽ. വീതം സൗജന്യമായി നൽകിയിട്ടുണ്ട്. കൂടാതെ 2009 ഫെബ്രുവരി-മേയ് കാലയളവിൽ വൈദ്യുതി ഉപഭോഗത്തിൽ 10 ശതമാനം കുറവ് വരുത്തിയിട്ടുള്ള മുഴുവൻ ഗാർഗിക ഉപഭോക്താക്കൾക്കും ഒരു സി.എഫ്.എൽ. ഇൻസന്റീവ് ആയി നൽകിയിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഊർജ്ജ സംരക്ഷണ നിയമ നടത്തിപ്പിന്റെ ഭാഗമായി കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിനു കീഴിലുള്ളതും ഊർജ്ജ സംരക്ഷണ നിയമം നടപ്പിലാക്കുന്ന കേന്ദ്ര ഏജൻസിയുമായ ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയുടെ സഹായത്തോടുകൂടി എൽ.ഇ.ഡി. തെരുവു വിളക്ക് പദ്ധതി, എൽ.ഇ.ഡി. വില്ലേജ് പദ്ധതി, സർക്കാർ കെട്ടിടങ്ങളിലെ ഊർജ്ജ ഓഡിറ്റിംഗ്, തെരഞ്ഞെടുക്കപ്പെട്ട ട്രാൻസ്ഫോർമർ സ്റ്റേഷനുകളിലെ വിതരണ നഷ്ടത്തെക്കുറിച്ചുള്ള പഠനം, കുട്ടികൾക്കുള്ള ടച്ച് സ്ക്രീൻ കിയോസ്കുകൾ സ്ഥാപിക്കൽ പദ്ധതി എന്നിവയും നടത്തിവരുന്നു.

ഗാർഹിക മേഖലയിൽ ഊർജ്ജ ക്ലിനിക്, വ്യവസായങ്ങളിൽ ഊർജ്ജ ഓഡിറ്റിംഗ്, കെട്ടിടങ്ങളിൽ എനർജി ആഡിറ്റ്, വിദ്യാലയങ്ങളിൽ ഊർജ്ജ സംരക്ഷണ ക്ലബ്ബുകൾ, പരിശീലന പരിപാടികൾ, ബോധവൽക്കരണ പരിപാടികൾ എന്നിവ എനർജി മാനേജ്മെന്റ് സെന്റർ നടത്തി വരുന്നു. വൈദ്യുതി സംരക്ഷണത്തിനുള്ള മാർഗ്ഗങ്ങൾ രേഖപ്പെടുത്തി ലീഫ്ലെറ്റുകൾ, മീറ്റർ റീഡർമാർ മുഖേന ഉപഭോക്താക്കളിൽ എത്തിച്ചിട്ടുണ്ട്. റെസിഡന്റ്സ് അസോസിയേഷൻ, കുടുംബശ്രീ എന്നിവയുമായി ബന്ധപ്പെട്ട് നിരവധി ബോധവൽക്കരണ പരിപാടികൾ വൈദ്യുതി ബോർഡിന്റെ സെക്ഷനാഫീസുകൾ കേന്ദ്രീകരിച്ച് നടക്കുന്നുണ്ട്. ദൃശ്യശ്രവ്യമാധ്യമങ്ങൾ വഴി പ്രസിദ്ധ സിനിമാതാരങ്ങളുടെ സഹകരണത്തോടെ വിപുലമായ ബോധവൽക്കരണങ്ങൾ നടത്തിവരുന്നു. ഈ വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഒരു എനർജി ക്രെഡിറ്റ് സിസ്റ്റം ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കാനായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിൻപ്രകാരം മുൻവർഷത്തെ അപേക്ഷിച്ച് വൈദ്യുതി ഉപയോഗത്തിൽ കുറവ് വരുത്തുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് വൈദ്യുതി ഉപയോഗത്തിൽ വരുത്തിയ കുറവ് പോയിന്റ് അടിസ്ഥാനത്തിൽ കണക്കാക്കി അതിന് തത്തുല്യമായ തുക ഉപയോഗിച്ച് കുട്ടികൾക്ക് പുസ്തകം വാങ്ങുവാനോ അല്ലെങ്കിൽ സപ്ലൈക്കോയിൽനിന്നും സാധനങ്ങൾ വാങ്ങുവാനോ സാധിക്കുന്നതാണ്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

ദീപാലങ്കാരം മുഖേന ഉണ്ടാകുന്ന വൈദ്യുതി നഷ്ടവും അപകടങ്ങളും

164 (5569) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക വിഭാഗ സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ പരിപാടികൾക്ക്, റോഡുകളിൽ ഉയർത്തുന്ന കമാനങ്ങളുടെ ദീപാലങ്കാരം മുഖേന, വൈദ്യുതി നഷ്ടവും അപകടങ്ങളും ഉണ്ടാകുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ, ഇവ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly